30/08/2024

FRIDAY വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/08/2024

1. വിളവെടുപ്പിന്റെയും സമൃദ്ധിയുടെയും കാലമായ പൊന്നിൻചിങ്ങ മാസത്തിൽ നമ്മുടെ കാർഷിക പൈതൃകത്തെയും കാർഷിക സംസ്കൃതിയെയും വരും തലമുറയ്ക്ക് നേരിട്ട് കാണാനും അനുഭവിക്കാനും അവസരം ഒരുക്കുകയാണ് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന കൃഷിവകുപ്പിന്റെ ഒക്കൽ സംസ്ഥാന വിത്തുൽപാദന കേന്ദ്രം. ഓഗസ്റ്റ് മാസം 29, 30, 31 തീയതികളിൽ കാർഷിക പ്രദർശന വിപണന മേള **'ഒക്കൽ ഫാം ഫെസ്റ്റ്'** നടത്തുന്നു. കാലാവസ്ഥ സൗഹൃദ ജീവിതശൈലി കെട്ടിപ്പടുക്കുവാൻ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. ഈ സന്ദേശം ഉൾക്കൊണ്ടു കൊണ്ട് ആണ് ഈ മേള സംഘടിപ്പിക്കുന്നത്. വിവിധ കാർഷിക പ്രശ്നങ്ങളെ കുറിച്ചുള്ള സെമിനാറുകളും കാർഷികസംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രായോഗിക ക്ലാസുകളും, പ്രകൃതി സംരക്ഷണം, കൃഷിയും കാലാവസ്ഥയും, ജൈവവൈവിധ്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ചലച്ചിത്രപ്രദർശനവും, കാർഷിക ക്വിസ് എന്നീ വിവിധ ആകർഷക വിഭവങ്ങൾ മേളയുടെ ഭാഗമായി ഒരുക്കിയിരിക്കുന്നു. പ്രസ്തുത മേളയിൽ കാലാവസ്ഥ സൗഹൃദ ജീവിതശൈലി എന്ന ആശയം അടിസ്ഥാനമാക്കി വിദ്യാർഥികളുടെ എക്സിബിഷൻ നടത്തുന്നു.

2. ഇരുപത്തൊന്നാമതു കന്നുകാലി സെൻസസ് സംസ്ഥാനത്ത് സെപ്റ്റംബർ മാസം മുതൽ ആരംഭിക്കുന്നു. നമ്മുടെ കന്നുകാലി സമ്പത്തിനെ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനു വിവരശേഖരണം അത്യന്താപേക്ഷിതമാണ്. കണക്കെടുപ്പിനായി സെപ്റ്റംബർ 2 മുതലുള്ള ദിവസങ്ങളിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള എന്യൂമറേറ്റർമാർ വീടുകളിലും സ്ഥാപനങ്ങളിലും എത്തുന്നതാണ്. 3500 ലധികം വരുന്ന സംസ്ഥാനത്തെ 1 കോടി 6 ലക്ഷത്തോളം വരുന്ന വീടുകളും

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്ഥാപനങ്ങളും സന്ദർശിച്ചു വളർത്തുമൃഗങ്ങളെ സംബന്ധിച്ച പ്രധാനപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതാണ്.

പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "കൂൺ കൃഷി" എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 സെപ്റ്റംബർ മാസം 19 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ സെപ്റ്റംബർ 18 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് സെപ്റ്റംബർ 19 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

4. പരമ്പരാഗത റബ്ബർകൃഷി മേഖലകളിൽ 2023, 2024 വർഷങ്ങളിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ റബ്ബർകർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. പരമാവധി രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് ധനസഹായം ലഭിക്കാൻ അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ 2024 സെപ്റ്റംബർ 23 മുതൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

നവംബർ 30 വരെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കുമുള്ള നോമിനേഷൻ എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി 40,000 രൂപയാണ് ധനസഹായം. തോട്ടം പരിശോധിച്ചതിനുശേഷം അർഹമായ ധനസഹായം കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. വിശദവിവരങ്ങൾ www.rubberboard.org.in എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

5. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 സെപ്റ്റംബർ 03 മുതൽ 0 7 വരെ 5 ദിവസത്തെ 'ശാസ്ത്രീയ പശു പരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 ആഗസ്റ്റ് 31-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 – 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ

പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. 2024 സെപ്റ്റംബർ 11, ബുധനാഴ്ച്ച ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി 2024 സെപ്റ്റംബർ 10 ആണ്. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.